**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** — **01-09-2022 - ൽ മറുപടിയ്ക്ക്**

**സേവനാവകാശ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൗരന്മാരുടെ പരാതികളിന്മേൽ ഫലപ്രദവും സമയബന്ധിതവുമായ പരിഹാരത്തിന് വ്യവസ്ഥ ചെയ്യുന്ന സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിയമം ഏതെല്ലാം വകുപ്പുകളിൽ ബാധകമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് 123 വകുപ്പുകൾ/ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത് കാര്യക്ഷമമായി നടപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സേവനാവകാശ ആക്ടിന്റെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറു രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാനിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറു രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. ഇതിന് പുറമെ നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് പഠിക്കാനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| സെക്രട്ടേറിയറ്റിലെ വകുപ്പുകൾ | ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ | |
|---|---|---|
| Agriculture | 1 | കൃഷി ഡയറക്ടറേറ്റ് |
| | 2 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| | 3 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| Animal Husbandry | 4 | മൃഗസംരക്ഷണ വകുപ്പ് |
| | 5 | ക്ഷീര വികസന വകുപ്പ് |
| Backward Classes | 6 | പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ് |
| | 7 | പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് |
| | 8 | പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ |
| Co-operation | 9 | സഹകരണ വകുപ്പ് |
| Culture | 10 | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം |
| | 11 | പുരാവസ്തു വകുപ്പ് |
| | 12 | പുരാരേഖ വകുപ്പ് |
| | 13 | മ്യൂസിയവും മൃഗശാലയും വകുപ്പ് |
| Environment | 14 | മലിനീകരണ നിയന്ത്രണ ബോർഡ് |
| Finance | 15 | ട്രഷറി വകുപ്പ് |
| | 16 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ |
| | 17 | ഇൻഷ്വറൻസ് വകുപ്പ് |
| Fisheries & Ports | 18 | മത്സ്യബന്ധനം |
| | 19 | തുറമുഖം |
| | 20 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |
| Food & Civil Supplies | 21 | സിവിൽ സപ്ലൈസ് |
| | 22 | ലീഗൽ മെട്രോളജി |
| Forest&Wildlife | 23 | വനം-വന്യജീവി വകുപ്പ് |
| | 24 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| GAD | 25 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ് |
| | 26 | സൈനിക ക്ഷേമ വകുപ്പ് |
| | 27 | ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് |
| General Education | 28 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | | |
|---|---|---|
| | 29 | പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം |
| | 30 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| | 31 | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| Health & Family Welfare Dept. | 32 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 33 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് |
| | 34 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് |
| | 35 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 36 | കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി |
| | 37 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) |
| | 38 | കേരള നഴ്സസ് ആന്റ്  മിഡ്വൈഫ്സ് കൗൺസിൽ |
| | 39 | കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| | 40 | മലബാർ കാൻസർ സെന്റർ |
| | 41 | ശിശുവികസന കേന്ദ്രം |
| | 42 | ഭാരതീയ നാട്ടുചികിത്സാ വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 43 | കേരള പാരാമെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 44 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ |
| | 45 | തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് |
| | 46 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി |
| | 47 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ) (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 48 | കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO) |
| | 49 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 50 | റീജിയണൽ കാൻസർ സെന്റർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |

| | | |
|---|---|---|
| | 51 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 52 | തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 53 | കേരള ഡെന്റൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 54 | കേരള ഹോമിയോപ്പതി വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Higher Education Department | 55 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| | 56 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി |
| | 57 | പ്രിന്റിംഗ് വകുപ്പ് |
| | 58 | സ്റ്റേഷനറി വകുപ്പ് |
| | 59 | കോഴിക്കോട് യൂണിവേഴ്സിറ്റി |
| | 60 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| Home | 61 | പോലീസ് വകുപ്പ് |
| | 62 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്) |
| | 63 | ജയിൽ വകുപ്പ് |
| | 64 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| | 65 | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് |
| Housing Department | 66 | ഹൗസിംഗ് ബോർഡ് |
| | 67 | നിർമ്മിതി കേന്ദ്രം |
| | 68 | ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ് |
| Industries Department | 69 | വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്) |
| | 70 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് |
| | 71 | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് |
| | 72 | മൈനിംഗ് & ജിയോളജി വകുപ്പ് |
| | 73 | കയർ വികസന ഡയറക്ടറേറ്റ് |
| | 74 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| Information Technology | 75 | വിവര സാങ്കേതിക വകുപ്പ് |
| Labour Department | 76 | തൊഴിൽ വകുപ്പ് |
| | 77 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് |
| | 78 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | | |
|---|---|---|
| | 79 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് |
| | 80 | വ്യാവസായിക പരിശീലന വകുപ്പ് |
| | 81 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| Local Self Govt. Dept. | 82 | പഞ്ചായത്ത് വകുപ്പ് |
| | 83 | നഗരകാര്യ വകുപ്പ് |
| | 84 | ഗ്രാമവികസന വകുപ്പ് |
| Norka | 85 | നോർക്ക (സെക്രട്ടേറിയറ്റ്) |
| | 86 | കേരള പ്രവാസി ക്ഷേമ ബോർഡ് |
| Parliamentary Affairs Dept. | 87 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് |
| P&ARD | 88 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്. |
| Planning and Economic Affairs Department | 89 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Power | 90 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| | 91 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | 92 | എനർജി മാനേജ്മെന്റ് സെന്റർ |
| | 93 | കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| Public Works Dept. | 94 | പൊതുമരാമത്ത് വകുപ്പ് (റെന്റ്) |
| | 95 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) |
| | 96 | കേരള റോഡ് ഫണ്ട് ബോർഡ് |
| Revenue Department | 97 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |
| | 98 | സർവ്വേയും ഭൂരേഖയും വകുപ്പ് |
| Scheduled Castes - Development Department | 99 | പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 100 | പട്ടികജാതി വികസന വകുപ്പ് |
| | 101 | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ |
| | 102 | സ്കൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| Scheduled Tribes Dept | 103 | പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 104 | പട്ടികവർഗ്ഗവികസന വകുപ്പ് |
| | 105 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ |

| | | |
|---|---|---|
| Social Justice Department | 106 | സാമൂഹ്യനീതി വകുപ്പ് |
| Stores Purchase Department | 107 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Taxes Department | 108 | വാണിജ്യ നികുതി വകുപ്പ് |
| | 109 | രജിസ്ട്രേഷൻ വകുപ്പ് |
| | 110 | എക്സൈസ് വകുപ്പ് |
| | 111 | ലോട്ടറീസ് വകുപ്പ് |
| | 112 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| Tourism Department | 113 | ടൂറിസം വകുപ്പ് |
| | 114 | കിറ്റ്സ് (Kerala Institute of Tourism and Travel Studies) |
| | 115 | ഇക്കോ ടൂറിസം വകുപ്പ് |
| Transport Department | 116 | മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്) |
| | 117 | ജലഗതാഗത വകുപ്പ് |
| | 118 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| Vigilance Department | 119 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |
| Water Resources Dept | 120 | ജലസേചന വകുപ്പ് |
| | 121 | കേരള വാട്ടർ അതോറിറ്റി |
| | 122 | ഭൂജല വകുപ്പ് |
| | 123 | കാഡാ |